LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യപൊതുവിതരണ രംഗത്ത് സുതാര്യവല്കൃത പോർട്ടൽ

200 (4832) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യപൊതുവിതരണ രംഗത്ത് സുതാര്യവല്കൃത പോർട്ടൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്?

ഉത്തരം

(എ&ബി) എഫ്.സി.ഐ. മുതൽ എ.ആർ.ഡി വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കേണ്ടതുണ്ട്. അതോടൊപ്പം ഇതുസംബന്ധിച്ച് എല്ലാ വിവരങ്ങളും ഒരു സുതാര്യവൽകൃത പോർട്ടൽ തയ്യാറാക്കി അതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു സുതാര്യ പോർട്ടൽ നടപ്പാക്കുന്നതിലൂടെ പൊതുവിതരണ ശൃംഖല പൂർണ്ണമായും സുതാര്യമാവുന്നതാണ്. എഫ്.സി.ഐ.-യിൽ നിന്നും വിട്ടുകൊടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഉപഭോക്താവ് റേഷൻ കടകളിൽ നിന്നും വാങ്ങുന്നത് വരെയുള്ള എല്ലാ വിവരങ്ങളും ഈ പോർട്ടലിൽ ലഭിക്കുന്നതാണ്. വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുന്ന സംവിധാനത്തിൽ മാനുഷിക യത്നം പൂർണ്ണമായും ഒഴിവാക്കി ഒരു ഓട്ടോമേറ്റഡ് സംവിധാനത്തിലൂടെ റിയൽ ടൈം ആയി അപ്ഡേറ്റ് ചെയ്യുകയാണ്. ഇത്തരമൊരു പോർട്ടലിലൂടെ പൊതുവിതരണ സംവിധാനത്തിലെ എല്ലാ വിവരങ്ങളും അപ്പപ്പോൾ തന്നെ അപ്ഡേറ്റ് ആവുന്നതിനാൽ ഭരണതലത്തിൽ തീരുമാനങ്ങൾ അതിവേഗം എടുക്കുന്നതിനും മറ്റും സഹായകമാവുന്നതാണ്.

(സി) സുതാര്യവത്കൃത പോർട്ടലിൽ നിന്നും ഒരു ഉപഭോക്താവിന് പൊതുവിതരണ ശൃംഖലയിലെ ഓരോ മേഖലയിലെയും വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാവുന്നതാണ്. പൊതുവിതരണ വകുപ്പിന്റെ ഓഫീസുകൾ ഗോഡൗണുകൾ, റേഷൻ കടകൾ, ഉപഭോക്താക്കളുടെ വിവരങ്ങൾ, അതോടൊപ്പം എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അവയുടെ വിൽപ്പന വിവരങ്ങൾ, സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ഒരു നിശ്ചിത ദിനത്തിലെ വിൽപ്പന/സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ, ഒരു റേഷൻ കടയിൽ ലഭ്യമായ സ്റ്റോക്ക്, അവ എത്ര അളവിൽ ഏതൊക്കെ ഉപഭോക്താക്കൾ വാങ്ങി എന്നത് സംബന്ധിച്ച വിവരങ്ങൾ എല്ലാം ലഭിക്കുന്നതാണ്. ഇത് നടപ്പാക്കുന്നതോടെ കരിഞ്ചന്തയും മറിച്ചു വിൽപ്പനയും പൂർണ്ണമായും തടയാൻ സാധിക്കുന്നതാണ്.

(ഡി) ഇത്തരത്തിൽ സുതാര്യവൽകൃത പോർട്ടൽ ഒരു RFP (Request for Proposal) പ്രക്രിയയിലൂടെ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) സംസ്ഥാനത്ത് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒന്നാം കംപോണന്റിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 50:50 അനുപാതത്തിൽ അനുവദിച്ച തുകയിൽ പോർട്ടൽ നടപ്പാക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പാരിപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സൂപ്പർമാർക്കറ്റിലെ ഓഫീസർ-ഇൻചാർജ്

201 (4833) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സൂപ്പർമാർക്കറ്റിലെ ഓഫീസർ-ഇൻ-ചാർജ് പ്രസ്തുത സ്ഥാപനത്തിൽ എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ടി ഉദ്യോഗസ്ഥനെതിരെ പെരുമാറ്റദൂഷ്യവും മറ്റ് നടപടികളും ആരോപിച്ച് എത്ര പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ടെന്ന് പറയുമോ;

(സി) പ്രസ്തുത പരാതികളിന്മേൽ അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയതെന്നും അന്വേഷണ നിഗമനം എന്തായിരുന്നുവെന്നും വെളിവാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly